വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഉണ്ട്.

(ബി) സെക്കൻററി സ്ക്കൂൾ ഘട്ടത്തിന്റെ അവസാനത്തിൽ സംസ്ഥാനത്ത് നടത്തുന്ന പൊതു പരീക്ഷയെ ദേശീയ തലത്തിൽ സെക്കൻററി സ്ക്കൂൾ ഘട്ടാവസാനത്തിൽ നടത്തുന്ന മാറു പരീക്ഷകളുടെ പൊതുധാരണയിൽ കൊണ്ടുവരിക എന്നതാണ് ഈ മാററംകൊണ്ടുദ്ദേശിക്കുന്നത്.

(സി) വിദ്യാഭ്യാസ വിചക്ഷണൻമാരും അദ്ധ്യാപകരും അടങ്ങുന്ന വിദഗ്ദ്ധകമ്മിററിയാണ് ഈ പരിഷ്ക്കാരം നിർദ്ദേശിച്ചിരിക്കുന്നത് എന്ന ളളതുകൊണ്ട് ഇക്കാര്യത്തിൽ ഇനിയും ഒരു ചർച്ച ആവശ്യമുണ്ടെന്നു കരുതുന്നില്ല.

വൻകിട-ഇടത്തരം ജലസേചനപദ്ധതികൾക്ക് ലഭിച്ച സഹായം

* 205. [225] ശ്രീ. വി. കേശവൻ :
,, സി. ടി. കൃഷ്ണൻ :
,, കെ. മൂസക്കുട്ടി :
,, വി. എസ്. ചന്ദ്രശേഖരൻ പിളള :

ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം വൻകിട-ഇടത്തരം ജലസേചനപദ്ധതികൾക്കാണ് ലോക ബാങ്കിന്റെ സഹായം ലഭിച്ചുകൊണ്ടിരിക്കുന്നത് ;

(ബി) ഈ വർഷം ഏതെല്ലാം പദ്ധതികൾക്കാണ് സഹായം ലഭിച്ചിട്ടുളളത് ;

(സി) ഏതെല്ലാം പദ്ധതികളുടെ പണിയാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത് ;

(ഡി) ഈ നിയമസഭയുടെ കാലാവധി തീരുന്നതിനുമുൻപ് പൂർത്തിയാക്കാൻ കഴിയുന്ന പദ്ധതികൾ ഏതൊക്കെയാണ് ?

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) വൻകിട ജലസേചനപദ്ധതിയായ കല്ലട ജലസേചനപദ്ധതിക്കുമാത്രമാണ് ലോകബാങ്കിന്റെ സഹായം ലഭിച്ചുകൊണ്ടിരിക്കുന്നത്.

(ബി, സി) കല്ലട ജലസേചനപദ്ധതി

(ഡി) മേൽപ്പറഞ്ഞ പദ്ധതി ഇപ്പോഴത്തെ പ്രോഗ്രാമനുസരിച്ച് 1988 ജൂണിൽ പണി തീരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കാക്കടവ് പദ്ധതി

* 206. [226] ശ്രീ. കെ. ടി കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയംമറുപടി നൽകുമോ :

(എ) കേന്ദ്ര പഠനസംഘത്തിന്റെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ നിറുത്തിവെച്ച കാക്കടവ് പദ്ധതി പ്രവർത്തനം പുനരാരംഭിക്കുമോ ;

(ബി) പദ്ധതി ആകെ ഉപേക്ഷിക്കാൻ നീക്കമുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഈ കാര്യം ഗവൺമെൻറ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പാലങ്ങളിൽ നിന്നും പിരിച്ച ചുങ്കം

* 207. [227] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) 30-9-1986 വരെ പാലങ്ങൾക്ക് ചുങ്കം പിരിച്ച ഇനത്തിൽ സർക്കാരിന് എന്തു വരവുണ്ടായി ;

(ബി) ഈ ചുങ്കം പിരിവ് നിർത്തലാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഡി) സംസ്ഥാനത്ത് ഇപ്പോൾ പണിതുകൊണ്ടിരിക്കുന്നതും വരും വർഷം പണിയാൻ പോകുന്നതുമായ ഏതെല്ലാം പാലങ്ങൾക്കു കൂടി ചുങ്കം പിരിക്കേണ്ടതായി വരും ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) :

(എ) നാഷണൽ ഹൈവേയിലെ പാലങ്ങളിൽനിന്ന് 1,82,12,268 രൂപയും സ്റ്റേറ്റ് ഹൈവേയിലെ പാലങ്ങളിൽനിന്ന് 5,92,451 രൂപയും വരവുണ്ടായി.

(ബി) ടോൾസ് ആക്ടനുസരിച്ചാണ് ചുങ്കം പിരിക്കുന്നത്. ഇതു നിറുത്തലാക്കുന്നതിനു ഉദ്ദേശമില്ല.

(സി) പിരിഞ്ഞു കിട്ടുന്ന ടോൾ പുതിയ പാലങ്ങൾ പണിയുന്നതിനു ഉപയോഗിക്കാവുന്നതിനാൽ ഇക്കാര്യത്തിലുള്ള സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിനു ഉപകരിക്കുന്നതുകൊണ്ട് ടോൾ പിരിവ് നിറുത്തുന്നത് ശരിയല്ല.

(ഡി) ലിസ്റ്റ് അനുബന്ധമായി വെച്ചിട്ടുണ്ട് ‡

മെറ്റൽ ചെയ്തതും ടാർ ചെയ്യാത്തതുമായ റോഡുകൾ

* 208. [228] ശ്രീ. പി. സി. ജോർജ് :

,, സി. എഫ്. തോമസ് :

,, തോമസ് കല്ലമ്പള്ളി :

,, ടി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കേരളത്തിൽ മെറ്റൽ ചെയ്തതും ടാർ ചെയ്യാത്തതുമായ എത്ര റോഡുകൾ നിലവിലുണ്ട് ;

(ബി) അവ ടാർ ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ;

(സി) റോഡുകൾ ടാറിംഗ് കൂടാതെ മെറ്റൽ മാത്രം ചെയ്യുന്ന നടപടി മാറ്റി ടാറിംഗ് ഉൾപ്പെടെയുള്ള പണി ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

‡ അനുബന്ധം—I

LIBRARY ARCHIVES Kerala Legislative Assembly